വിശദാംശങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ ഫയൽ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും എന്ന വ്യവസ്ഥ 2015-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നികുതിയിളവുകൾ

127(2116) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഇനങ്ങളിൽ നികുതിയിളവുകൾ നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത ഇനങ്ങൾക്ക് 2011 മേയ് മാസത്തിന് മുൻപുണ്ടായിരുന്ന നികുതിയും ഈ സർക്കാർ നൽകിയ ഇളവുകൾ ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി, മോട്ടോർ വാഹന നികുതി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

(ബി) കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ 2011 മേയ് മാസത്തിന് മുമ്പുണ്ടായിരുന്ന നികുതി സംബന്ധിച്ച വിവരം അനുബന്ധം ബി ആയി ചേർക്കുന്നു.* ഈ സർക്കാർ നൽകിയ ഇളവുകൾ സംബന്ധിച്ച വിവരം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്.*

നായരമ്പലം സബ് ട്രഷറി

128(2117) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലം സബ്ട്രഷറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടും ഇതുവരെ യുറന്ന് പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ കെട്ടിത്തിൽ സബ്ട്രഷറിയുടെ പ്രവർത്തനം സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നായരമ്പലം സബ് ട്രഷറിയുടെ നിർമ്മാണം പൂർത്തിയാക്കി ട്രഷറി വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും ടി കെട്ടിടത്തിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമായിട്ടില്ല

(ബി) 21-1-2011-ലെ സ.ഉ.(ആർ.ടി) 613/2011/ധന. പ്രകാരം 58.19 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നായരമ്പലം സബ് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതിക്കായി ട്രഷറി ഡയറക്ടർ 24-6-2015-ൽ ലഭ്യമാക്കിയ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

സ്വന്തമായി കെട്ടിടം ഇല്ലാത്ത ട്രഷറികൾ

129(2118) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 78 ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ഇതുകൂടാതെ ട്രഷറി ഡയറക്ടറേറ്റിനും സ്വന്തമായി കെട്ടിടമില്ല.

1. ട്രഷറി ഡയറക്ടറേറ്റ്
2. ജില്ലാ ട്രഷറികൾ (5) - കൊട്ടാരക്കര, ഇടുക്കി, ഇരിങ്ങാലക്കുട, ചെർപ്പുളശ്ശേരി, മട്ടന്നൂർ
3. സബ് ട്രഷറികൾ (73)